**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് അർഹതപ്പെട്ട റേഷ്യോ പ്രൊമോഷൻ നല്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ.വേണുഗോപാൽ എസ്. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA (E) 479/2018 കേസിന്റെ 26.07.2018-ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അന്തിമ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2754/2018/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 27.10.2018.**

---

പരാമർശം: 1) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (E) 479/2018-ന്മേലുള്ള 14.03.2018-ലെ ഇടക്കാല ഉത്തരവ്.

2) സ.ഉ.(സാധാ) നം.1322/2018/തസ്വഭവ തീയതി, 11.05.2018.

3) ഗ്രാമവികസന കമ്മീഷണറുടെ 07.07.2018-ലെ 4220/എസ്റ്റാ.എ2/11/സിആർഡി നമ്പർ നടപടിക്രമം.

4) ഗ്രാമവികസന കമ്മീഷണറുടെ 10.07.2018-ലെ 129/എസ്റ്റാ.ബി3/18/സിആർഡി നമ്പർ നടപടിക്രമം.

5) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (E) 479/2018-ന്മേലുള്ള 26.07.2018-ലെ അന്തിമ ഉത്തരവ്.

6) 22.09.2018-ലെ ശ്രീ.വേണുഗോപാൽ എസ്. സമർപ്പിച്ച അപേക്ഷ.

**ഉത്തരവ്**

ജോയിന്റ് ബി.ഡി.ഒ. തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് അർഹതപ്പെട്ട റേഷ്യോ പ്രൊമോഷൻ നൽകുന്നതിനും 2018 ഡി.പി.സി.(ലോവർ) ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ.വേണുഗോപാൽ എസ്. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA (E) 479/2018 ഫയൽ ചെയ്യുകയും OA (E) 479/2018-ന്റെ പരാമർശം (1) പ്രകാരമുള്ള ഇടക്കാല ഉത്തരവിൽ ശ്രീ.വേണുഗോപാൽ സർക്കാരിനു സമർപ്പിച്ച $A_{11}$ നിവേദനം നേരിൽകേട്ട ശേഷം പരിഗണിച്ച് രണ്ടു മാസത്തിനകം തീർപ്പാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. കോടതിവിധിയുടെ അടിസ്ഥാനത്തിൽ ശ്രീ. വേണുഗോപാലിനെതിരെയുള്ള അച്ചടക്ക നടപടി പൂർത്തിയാക്കി പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാൻ പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ വികസന കമ്മീഷണറുടെ പരാമർശം (3) നടപടിക്രമം പ്രകാരം ശ്രീ. വേണുഗോപാലിനെതിരെയുള്ള അച്ചടക്കനടപടി പൂർത്തിയാക്കുകയും പരാമർശം (4) നടപടിക്രമം പ്രകാരം നിരീക്ഷണകാലം പൂർത്തിയായതായി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു.

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) പ്രകാരമുള്ള അന്തിമ ഉത്തരവിൽ താഴെ പറയും പ്രകാരം ഉത്തരവായിരുന്നു.

"In view of the facts, as noted above, there will be a direction to respondents 1 and 2 to consider the claim of the applicant for grade promotion, as has been granted to his juniors as per Annexures MA2 and MA3 orders dated 25.04.2018 and 11.05.2018( produced along with M.A.(EKM) No.1045 of 2018) The claim of the applicant

for further promotion will also be considered. The first respondent shall take a decision with regard to convening of an ad hoc DPC, if required, if the applicant is otherwise eligible and due for such appointment. Appropriate orders shall be passed by the first respondent with in a period of three months form the date of receipt of a copy of this order. Needles to say , the applicant shall be entitled to all consequential monetary benefits."

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീ. വേണുഗോപാൽ ജോയിന്റ് ബി.ഡി.ഒ. തസ്തികയിൽ ജോലി ചെയ്തു വരികയാണ്. തൊട്ടടുത്ത പ്രൊമോഷൻ തസ്തികയായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് ഗ്രാമ വികസന കമ്മീഷണറാണ്. ആയതിനാൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മറ്റെല്ലാ വിധത്തിലും അർഹതയുണ്ടെങ്കിൽ ഗ്രേഡ് പ്രൊമോഷനു പരിഗണിക്കുന്നതിനും തുടർന്നുള്ള പ്രൊമോഷന് അഡ്ഹോക്ക് ഡി.പി.സി (ലോവർ) യുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനും ഗ്രാമ വികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിക്കൊണ്ട് OA (E) 479/2018-ലെ 07.2018.26തീയതിയിലെ അന്തിമ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജയശ്രീ എം.**
**അണ്ടർ സെക്രട്ടറി**

ശ്രീ.വേണുഗോപാൽ എസ്., അഞ്ജലി, വാകത്താനം, കോട്ടയം - 686 538.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ